# Athmaraksha.org

വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം-March

March 30



വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം: മുപ്പതാം തീയതി
'അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ, കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു: ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ് (മത്തായി 1:20).

മാർ യൗസേപ്പിനെ ബഹുമാനിക്കണമെന്ന ദൈവമാതാവിന്റെ ആഗ്രഹം
മാനുഷികമായ ഐക്യത്തിൽ ഏറ്റവും അഗാധമായ ബന്ധമാണ് ഭാര്യാഭർതൃബന്ധം. അവർ രണ്ടല്ല, ഒന്നാണെന്ന് നമ്മുടെ കർത്താവീശോമിശിഹാ തന്നെ അരുളിച്ചെയ്തിട്ടുണ്ട്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തരുത് എന്നും ഈശോ കൽപിച്ചു. അപ്പോൾ ഭാര്യാഭർത്താക്കൻമാർക്ക് പരസ്പരം ഭാഗഭാഗിത്വമുണ്ട്. ഭർത്താവിന്റെ സമ്പത്തിലും നന്മകളിലും ഭാര്യയ്ക്കും അവകാശമുണ്ട്. അതുപോലെ ഭാര്യയുടേതിൽ ഭർത്താവിനും. അതിനാൽ പ. കന്യക അവിടുത്തെ പ. ഭർത്താവായ മാർ യൗസേപ്പിന്റെ മഹത്വവും ബഹുമാനവും ആഗ്രഹിക്കുമെന്നുള്ളത് ഉറപ്പാണ്. പ. കന്യകയ്ക്കു മാർ യൗസേപ്പിതാവിനോടും ഒരുപാട് കടപ്പാടുണ്ട്. തന്റെ ഭർത്താവ് എന്നുള്ള നിലയിൽ തിരുക്കുടുംബത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ. കന്യക വന്ദ്യപിതാവിനോട് വിധേയത്വത്തോടെയാണ് വർത്തിച്ചത്. യഹൂദൻമാരുടെ നിയമമനുസരിച്ച് അവിവാഹിത ജീവിതം നിഷിദ്ധമാണ്. എന്നാൽ പ. കന്യക കന്യാവ്രത പാലനത്തിന് സന്നദ്ധയായപ്പോൾ അതേ ആശയാദർശനങ്ങളോട് പൊരുത്തപ്പെടുന്ന ഒരു വ്യക്തിയെ വരനായി ലഭിക്കേണ്ടിയിരുന്നു.
മാർ യൗസേപ്പ് വിവാഹാനന്തരം വിരക്തജീവിതം നയിക്കുവാൻ സന്നദ്ധനായതും പ. കന്യകയുടെ പാതിവ്രത്യത്തെയും കന്യാത്വത്തെയും സംരക്ഷിച്ചുകൊണ്ടു പോകാൻ സന്നദ്ധനായതും നിമിത്തം പ. കന്യക മാർ യൗസേപ്പിനോട് അതീവ കൃതജ്ഞയായിരിക്കണം. പ. കന്യക കന്യാവ്രതം പാലിക്കുന്നവരെ അനിതരസാധാരണമായ വിധം സ്നേഹിക്കുന്നു. അവരെ മഹത്വപ്പെടുത്തുകയും അസാധാരണമായ ദാനവരങ്ങളാൽ സമ്പന്നരാക്കുകയും ചെയ്യുന്നതിൽ അതീവ തല്പരയുമാണ്.

മാർ യൗസേപ്പിതാവ്, പ. കന്യകയെയും ഉണ്ണിമിശിഹായേയും അനേകം ആപത്തുകളിൽ നിന്നു സംരക്ഷിക്കുന്നതിൽ ഉത്സുകനായിരുന്നു. ഹേറോദേസിന്റെ കോപാഗ്നിയിൽ നിന്നും ഉണ്ണിമിശിഹായേ രക്ഷിച്ചതിനാൽ പ. കന്യകയ്ക്കു മാർ യൗസേപ്പിതാവിനോടു അതിയായ കൃതജ്ഞതയുണ്ടായിരിന്നുവെന്ന് നിസംശയം പറയാം. മെസ്രേനിലെ പ്രവാസകാലത്തും നസ്രസിൽ പ്രത്യാഗമനത്തിന് ശേഷവും വി. യൗസേപ്പ് ഒരു മാതൃകാ ഭർത്താവ് എന്നുള്ള നിലയിൽ പരിശുദ്ധ കന്യകയെ അതിയായി സ്നേഹിക്കുകയും ഭക്ഷണം, വസ്ത്രം എന്നിങ്ങനെയുള്ള എല്ലാ സുഖ സൌകര്യങ്ങളിലും ശ്രദ്ധ ചെലുത്തുകയും ചെയ്തിരിന്നു. തിരുക്കുടുംബത്തെ പോറ്റിയത് മാർ യൗസേപ്പിന്റെ നെറ്റിയിലെ വിയർപ്പു കൊണ്ടാണ്. ഇക്കാരണങ്ങളാലെല്ലാം മാർ യൗസേപ്പിതാവിന്റെ മഹത്വം പരിശുദ്ധ കന്യക ആഗ്രഹിക്കുന്നു. പ. കന്യകയോട് നാം അപേക്ഷിക്കുമ്പോൾ അമ്മ നമ്മോട് ഇപ്രകാരം പറയുന്നുണ്ടാകും, 'നിങ്ങൾ എന്റെ വിരക്ത ഭർത്താവായ മാർ യൗസേപ്പിന്റെ പക്കൽ പോകുവിൻ. അദ്ദേഹം എല്ലാ അനുഗ്രഹങ്ങളും നിങ്ങൾക്ക് നൽകുന്നതാണ്'. നാം മാർ യൗസേപ്പിനെ ബഹുമാനിക്കുകയും ചെയ്യുന്ന എന്ന കാരണത്താൽ പ. കന്യക അനേകം അനുഗ്രഹങ്ങളും ദാനങ്ങളും നൽകുമെന്നുള്ളത് ഉറപ്പാണ്. ഭർത്താവിന്റെ മഹത്വം ഭാര്യയുടേതും, ഭാര്യയുടെ മഹത്വം ഭർത്താവിന്റേതുമാണല്ലോ. നമ്മുടെ വന്ദ്യപിതാവിനെ ബഹുമാനിക്കുമ്പോൾ പിതാവായ ദൈവത്തിനും ഈശോമിശിഹായ്ക്കും പരിശുദ്ധാത്മാവിലും അതിലൂടെ മഹത്വം നൽകുന്നു.

## സംഭവം

തിരുവനന്തപുരത്തിനടുത്തുള്ള വിഴിഞ്ഞം തുറമുഖത്തെ ഒരു പാവപ്പെട്ട മത്സ്യബന്ധന തൊഴിലാളിയുടെ ജീവിതാനുഭവമാണ് നാം ഇന്ന്! ചിന്തിക്കുന്നത്. യോഹന്നാൻ എന്നു പേരുള്ളവനും വിശുദ്ധ യൗസേപ്പിന്റെ ഭക്തനുമായ ആ മനുഷ്യൻ ഒരു ദിവസം കടലിൽ വള്ളവുമായി പോയി. തീരത്തു നിന്ന്! നാലു മൈൽ അകലെ മീൻ പിടിച്ചു കൊണ്ടിരുന്ന അയാളുടെ വള്ളത്തിന്റെ തുഴക്കോൽ എങ്ങനെയോ കടലിൽ വീണുപോയി. ഭയങ്കരമായി ആഞ്ഞടിച്ച തിരമാലകൾ മൂലം അതിവേഗം പറത്തിക്കൊണ്ടുപോയ തുഴക്കോൽ തിരിച്ചെടുക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. മലപോലെ ഉയർന്നു വന്ന ഓളങ്ങളിൽപ്പെട്ടു വള്ളം മറിഞ്ഞു. അതിനെ നിയന്ത്രിച്ച് കരയ്ക്കടുപ്പിക്കുവാൻ നടത്തിയ അദ്ധേഹത്തിന്റെ ശ്രമങ്ങളെല്ലാം പരാജയമടഞ്ഞു. പുറംകടലിലേക്കാണ് വള്ളം നീങ്ങുന്നത്. വള്ളത്തിനെ നിയന്ത്രണത്തിലാക്കാൻ അദ്ദേഹം സർവ കഴിവും ഉപയോഗിച്ച് പരിശ്രമിച്ചു. പക്ഷേ ഒന്നും ഫലം കണ്ടില്ല.

കടലുമായി മല്ലിട്ടു അദ്ദേഹം തളർന്നു. രാത്രി മുഴുവൻ തുഴയില്ലാതെ ഇളകി മറിയുന്ന വള്ളത്തടിയിൽ കെട്ടിപ്പിടിച്ചിരുന്ന അദ്ദേഹം തന്റെ നിസ്സഹായതയിൽ ഏവർക്കും സഹായകമായ മാർ യൗസേപ്പിന്റെ മാദ്ധ്യസ്ഥം യാചിച്ചു. അത്ഭുതമെന്ന് പറയട്ടെ, നീണ്ട വണ്ണം കുറഞ്ഞ ഒരു തടിക്കഷണം തിരമാലയിൽപ്പെട്ട് വളരെ വേഗത്തിൽ തന്റെ വള്ളത്തിന്റെ സമീപത്തേയ്ക്ക് വരുന്നു. സർവകഴിവുകളും പ്രയോഗിച്ച് ആ തടിക്കഷണം അദ്ദേഹം കരസ്ഥമാക്കി. തന്റെ വള്ളത്തിന്റെ നഷ്ടപ്പെട്ട പോയ തുഴ തന്നെയായിരിന്നു അത്. അതുപയോഗിച്ച് വള്ളം തുഴഞ്ഞ് ആ മനുഷ്യൻ തീരത്തു വന്നെത്തി. തനിക്കു സഹായമരുളി ജീവൻ രക്ഷിച്ച മാർ യൗസേപ്പിന് ആ സാധു മനുഷ്യൻ സ്തോത്രമർപ്പിച്ചു.

## ജപം

ദൈവജനനിയായ പ. കന്യകയേ, അങ്ങേ വിരക്തഭർത്താവായ മാർ യൗസേപ്പിനോടുള്ള ഭക്തി അങ്ങേയ്ക്കു പ്രസാദജനകവും അനുഗ്രഹദായകവുമാണെന്ന് ഞങ്ങൾ ഗ്രഹിച്ചു. അതിനാൽ ഈ പുണ്യപിതാവിനോടു ഞങ്ങൾ സവിശേഷ ഭക്തിയുള്ളവരായി ജീവിച്ചു കൊള്ളാം. നാഥേ, അങ്ങയെയും ദിവ്യകുമാരനെയും മാർ യൗസേപ്പിനെയും കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും നിങ്ങളുടെ വിശ്വസ്ത ദാസർക്കനുയോജ്യമായ ജീവിതം നയിക്കുവാനും ആവശ്യമായ അനുഗ്രഹം നൽകണമേ മാർ യൗസേപ്പേ, അങ്ങ് പ. കന്യകയെ

സ്നേഹിക്കുകയും സേവനമർപ്പിക്കുകയും ചെയ്യുന്നതുപോലെ ഞങ്ങളും ദൈവമാതാവിനെ സ്നേഹിക്കുവാനും അവളുടെ സേവനത്തിന് ഞങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാനും വേണ്ട അനുഗ്രഹം നൽകണമേ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## വി. യൗസേപ്പുപിതാവിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,

ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

പ്രാർത്ഥിക്കാം

അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയ്ക്കു ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

സുകൃതജപം

കന്യകാമറിയത്തിന്റെ വിശ്വസ്ത ഭർത്താവേ, ഞങ്ങളിൽ പരസ്പര വിശ്വാസം വർദ്ധിപ്പിക്കണമേ.

+++